പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 271 | 18.03.2013 ൽ മറുപടിക്ക്

## കേസ് അന്വേഷണത്തിന് നിയമ വിരുദ്ധ മാർഗ്ഗങ്ങൾ

ചോദ്യം

ശ്രീ. കെ. കെ. നാരായണൻ
,, പി. റ്റി. എ. റഹീം
,, പ്രൊഫ. സി. രവീന്ദ്രനാഥ്
,, ആർ. രാജേഷ്

(എ) പോലീസിലെ അന്വേഷണ ഉദ്യോഗസ്ഥന്മാർ കേസ് അന്വേഷണത്തിനായി നിയമ വിരുദ്ധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം നടപടികൾ സ്വീകരിക്കാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ എടുക്കപ്പെട്ട ആളിൽ നിന്ന് പോലീസ് നിയമവിരുദ്ധമായി പ്രവർത്തിച്ചത് സംബന്ധിച്ച പരാതികൾ ഉണ്ടായിട്ടുണ്ടോ; കോടതികളിൽ ലഭിച്ച ഇത്തരം പരാതികളെ കുറിച്ചുള്ള കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ?

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) കേസന്വേഷണത്തിനായി നിയമാനുസൃതമല്ലാത്ത നടപടികൾ സ്വീകരിക്കരുത് എന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സി.ബി.സി.ഐ.ഡി. ക്ക് കൈമാറിയ വടകരപോലീസ് സ്റ്റേഷൻ ക്രൈം നം. 433/12 (Cr. No.406/CR/HHW-III/KKD/12) കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട 4-ാം പ്രതി ടി.കെ രജീഷ് പോലീസ് മർദ്ദിച്ചു എന്ന് കോടതിയിൽ വാക്കാൽ പരാതിപ്പെട്ടതിനെ തുടർന്ന് കോടതിയുടെ ഉത്തരവിൻ പ്രകാരം വൈദ്യപരിശോധനക്ക് വിധേയനാക്കുകയും പ്രതിക്ക് പരുക്കുകളൊന്നും ഇല്ലായെന്ന് രേഖപ്പെടുത്തുകയും

→

ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രതിയുടെ ആന്തരികാവയവങ്ങൾക്ക് പരിക്കുണ്ടെന്ന് പറഞ്ഞ് വിദഗ്ധ ചികിത്സ ആവശ്യപ്പെട്ടുകൊണ്ട് പ്രതിയുടെ വക്കീൽ ശ്രീ. സുജിത് മോഹൻ ബഹു. വടകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 14.06.2012 ന് പരാതി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ